**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 4280** 19.10.2011-ൽ മറുപടിയ്ക്ക്

# ദേശീയ തൊഴിലുറപ്പു പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജി. സുധാകരൻ | | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. | ദേശീയ തൊഴിലുറപ്പു പദ്ധതിയിലെ നടത്തിപ്പിലെ അഴിമതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ. | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപറയുന്ന ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>വേതനം നൽകുന്നതിൽ കാലതാമസം, തൊഴിൽ കാർഡിൽ പതിപ്പിക്കുന്നതിനുള്ള ഫോട്ടോ തൊഴിലാളികളുടെ ചെലവിൽ എടുപ്പിക്കൽ മുതലായ അവകാശ നിഷേധങ്ങളും, മസ്റ്റർ റോളിൽ കൃത്രിമം കാണിച്ച് പണം തട്ടിയെടുക്കൽ, പ്രവൃത്തികളുടെ എസ്റ്റിമേറ്റും അളവുകളും പെരിപ്പിച്ച് കാണിക്കൽ മുതലായ സാമ്പത്തിക ക്രമക്കേടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി കുറ്റകാർക്കെതിരെ നിമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി നടത്തിപ്പ് കാര്യക്ഷമവും സുതാര്യവുമാക്കാൻ ബ്ലോക്ക്-ജില്ലാ-സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര സംവിധാനവും, ഗ്രാമപഞ്ചായത്ത് വാർഡ് തലത്തിൽ വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റികൾ, എല്ലാ മസ്റ്റർ റോളുകളുടെയും പരിശോധന, പ്രവൃത്തികളുടെ മോണിറ്ററിംഗും, 100% പ്രവൃത്തികളുടെ പരിശോധനയും ഊർജ്ജിതമാക്കിയിട്ടുണ്ട്. ആറുമാസത്തിലൊരിക്കൽ പ്രത്യേക ഗ്രാമസഭകൾ ചേർന്ന് സോഷ്യൽ ആഡിറ്റ് നടത്തുന്നതിനുള്ള നടപടിയും കാര്യക്ഷമമാക്കിയിട്ടുണ്ട്. |
| ബി. | ദേശീയ തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലാളികൾക്ക് പ്രതിദിനം വേതനത്തിൽ കേന്ദ്ര സർക്കാർ വിഹിതം എത്ര; സംസ്ഥാന സർക്കാർ വിഹിതം എത്ര; | ബി. | ദേശീയ ഗ്രാമീണ തൊഴിുലറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് പ്രതിദിന വേതനത്തിന്റെ 100% കേന്ദ്രസർക്കാരാണ് വഹിക്കുന്നത്. വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ |

**തൊഴിലാളികളുടെ കൂലിയുടെ 75% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലി സാധന സാമഗ്രികളുടെ ചെലവിലാണ് ഉൾപ്പെടുന്നത്.**

| | | | |
|---|---|---|---|
| സി. | ദേശീയ തൊഴിലുറപ്പു പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ 200 ആക്കി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | **സി.** | **ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമപ്രകാരം പരമാവധി 100 ദിവസം തൊഴിൽ നൽകാനാണ് നിർദ്ദേശിച്ചിരിക്കുന്നത്.** |
| ഡി. | ഇവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുമോ ? | **ഡി.** | **തൊഴിലുറപ്പ് പദ്ധതിയിൽ 15 ദിവസം തൊഴിൽ ചെയ്തവർക്ക് രാഷ്ട്രീയ സ്വാസ്ഥ്യ ബീമയോജന (ആർ.എസ്.ബി. വൈ.) പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.** |

**സെക്ഷൻ ഓഫീസർ.**